# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2131** 18.03.2015 ൽ മറുപടിക്ക്

## കാലപ്പഴക്കം ചെന്ന തീവണ്ടി കോച്ചുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : | | ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീവണ്ടികളിലെ പഴക്കം ചെന്ന കോച്ചുകൾ മാറ്റുന്നതിന് റെയിൽവേ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70% നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും മുൻപ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.<br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;<br>(ii) തിരുവനന്തപുരത്തേയും എറണാകുള |

| | | | |
|---|---|---|---|
| | | | ത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;<br>**(iii)** റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;<br>**(iv)** കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.<br>തുടർന്ന് റിപ്പയറിംഗിനായി നല്കുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട് എന്ന് റെയിൽവേ അറിയിച്ചു.<br>2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാ വശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (ബി) | 20 വർഷത്തിലധികം പഴക്കമുള്ള എത്ര കോച്ചുകൾ സംസ്ഥാനത്ത് ഓടുന്ന തീവണ്ടികളിൽ ഇപ്പോൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗി കളിൽ 70% നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്ന് മുൻപ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് സമയബന്ധിതമായി മാറ്റി പുതിയ കോച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉത്തരം 'എ' ചോദ്യത്തിനുള്ള മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. |

Sajuum

**സെക്ഷൻ ഓഫീസർ**